بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 26-04-2024 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ۝۲ الرَّحۡمٰنِ الرَّحِيۡمِ ۙ۝۳ مٰلِكِ يَوۡمِ الدِّيۡنِ ؕ۝۴ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ۝۵

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ۝۶ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۬ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَ لَا الضَّآلِّيۡنَ ۝۷

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

ഹംറാഉൽ അസദ് യുദ്ധത്തിന്റെ കാരണവും അതിന്റെ പശ്ചാത്തലവും കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ചിട്ടുണ്ടായിരുന്നു. ശത്രുക്കൾ ഉഹുദ് യുദ്ധത്തിനു ശേഷം വഴിയിൽ നിന്നു തന്നെ തിരിച്ച് വന്നു മദീനയെ ആക്രമിക്കുമെന്ന ഗൂഢാലോചനയെ സംബന്ധിച്ച് അറിവ് ലഭിച്ചപ്പോൾ നബി(സ) ഹദ്റത്ത് അബൂബക്കറിനെയും ഹദ്റത്ത് ഉമറിനെയും വിളിപ്പിച്ചു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്(സ)! ശത്രുക്കളുടെ അടുത്തേക്ക് നീങ്ങാം. അങ്ങനെയായാൽ അവർ നമ്മുടെ കുട്ടികളെ ആക്രമിക്കുകയില്ല. നബി(സ) സുബ്ഹി നമസ്കാരത്തിനു ശേഷം ആളുകളെ വിളിപ്പിച്ചു. എന്നിട്ട് ഹദ്റത്ത് ബിലാലിനോട് കഴിഞ്ഞ ദിവസം ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തവർ മാത്രം കൂടെ പുറപ്പെടാൻ നബി(സ) ആജ്ഞാപിക്കുന്നതായി വിളംബരപ്പെടുത്താൻ പറഞ്ഞു. നബി(സ) തന്റെ പതാക വരുത്തിച്ചു. അത് ഹദ്റത്ത് അലിക്ക് നൽകി. മറ്റൊരിടത്ത് ഹദ്റത്ത് അബൂബക്കറിനാണ് കൊടുത്തതെന്നും എഴുതിയിട്ടുണ്ട്. ഈ സന്ദർഭത്തിൽ ഹദ്റത്ത് ഇബ്നു ഉമ്മു മക്തൂമിനെ മദീനയിൽ തന്റെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു.

ചരിത്രകാരന്മാർ എഴുതുന്നു: ശത്രുക്കളെ പിന്തുടരാനുള്ള നബി(സ)ന്റെ തീരുമാനം വളരെ ബുദ്ധിപരമായിരുന്നു. വിശദീകരണത്തിൽ പറയുന്നു: മുനാഫിഖീംകളുടെ പക്കൽ ശത്രുക്കളെ പിന്തുടരാൻ കൂടുതൽ ആളുകളില്ലാതെ പോകുന്നത് ഏറെ ഭയാനകമായിരുന്നു. എന്നാൽ പിന്നീടുണ്ടായ സംഭവ വികാസങ്ങൾ നബി(സ)ന്റെ തീരുമാനം വളരെയധികം ബുദ്ധിപരമായിരുന്നുവെന്ന് തെളിയിക്കുകയുണ്ടായി. അതുമുഖേന മുസ്ലിംകൾക്ക് നിരവധി പ്രയോജനങ്ങൾ ലഭിക്കുകയുണ്ടായി. ഈ തീരുമാനം മുജാഹിദീംകളുടെ ആവേശത്തെ കുറേക്കൂടി ഉച്ചസ്ഥായിയിലാക്കി. മുനാഫിഖീംകളുടെ ഹൃദയങ്ങളെയാകട്ടെ നബി(സ)ന്റെ നിശ്ചയ ദാർഢ്യവും ഉറച്ച വിശ്വാസവും വിറകൊള്ളിക്കുന്നതുമായിരുന്നു. അതേ സമയം ഇസ്ലാമിക സൈന്യം തങ്ങളെ പിന്തുടരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ ശത്രുക്കളുടെ ഉള്ളിൽ മിന്നിക്കൊണ്ടിരുന്ന ധൈര്യത്തിന്റെ ദീപവും അണയാൻ തുടങ്ങി. ഈ സമയം മുനാഫിഖീംകളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യും കൂടെ പോകാൻ അനുമതി ചോദിച്ചെങ്കിലും നബി(സ) അനുമതി നൽകുകയുണ്ടായില്ല.

കാര്യമായ പരിക്ക് പറ്റിയിരുന്നിട്ടും സ്നേഹവും കൂറുമുള്ള ആത്മാർഥരും ജീവത്യാഗ സന്നദ്ധരുമായ സ്വഹാബാക്കൾ നബി(സ) ആജ്ഞാപിച്ചതും ത്വരിതഗതിയിൽ പുറപ്പെട്ടു. ഹദ്റത്ത് ഉസൈദ് ബിൻ ഹുസൈറിന് 9 മുറിവുകൾ പറ്റിയിരുന്നു. അദ്ദേഹം അവയിൽ മരുന്ന് വെക്കാൻ ഉദ്ദേശിക്കുമ്പോഴാണ് മുറിവുകളിൽ മരുന്ന് വെക്കാൻ പോലും നിൽക്കാതെ പുറപ്പെടണമെന്ന കൽപ്പന അദ്ദേഹത്തിന്റെ ചെവിയിൽ പതിക്കുന്നത്. ബനൂ സൽമയിൽ 40 പേർക്ക് പരിക്ക് പറ്റിയിരുന്നു. അത്തരം അവസ്ഥയിലും അവർ കൽപ്പന പാലിച്ചുകൊണ്ട് പുറപ്പെടുന്നതു കണ്ടപ്പോൾ റസൂൽ കരീം(സ) അവർക്ക് വേണ്ടി പൊറുക്കലിന് തേടുകയുണ്ടായി.

തുഫൈൽ ബിൻ നുഅ്മന് 13 പരിക്കുകളും ഖറാശ് ബിൻ സിമ്മിക്ക് 10 പരിക്കുകളും കഅബ് ബിൻ മാലിക്കിന് 10 ൽ അധികം പരിക്കുകളും ഖത്ബ ബിൻ ആമിറിന് 9 പരിക്കുകളും പറ്റിയിരുന്നു. പക്ഷെ എന്നിട്ടും മുസ്ലിംകൾ തങ്ങളുടെ ആയുധങ്ങളെടുക്കാൻ ധൃതിപ്പെട്ടു. തങ്ങളുടെ പരിക്കുകളിൽ മരുന്ന് വെച്ചുകെട്ടാൻ നിന്നില്ല. അല്ലാഹു റസൂൽ കരീം(സ)ന്റെ സ്വഹാബാക്കളുടെ ഈ അനുപമമായ വികാരാവേശത്തെ തന്റെ കലാമിൽ രേഖപ്പെടുത്തുകയും ചെയ്തു. അങ്ങനെ ലോകം ഉള്ളിടത്തോളം കാലം അവർക്കു മേൽ വിശ്വാസത്തിന്റെ പുഷ്പവൃഷ്ടിക്ക് അത് കാരണമാകുന്നതാണ്. അല്ലാഹു പറയുന്നു: തങ്ങൾക്ക് പരിക്ക് പറ്റിയശേഷവും അവർ അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്ക് ഉത്തരം നല്കി. അവരിൽനിന്ന് നന്മ പ്രവർത്തിക്കുകയും ഭയഭക്തി അവലംബിക്കുകയും ചെയ്തവർക്ക് വളരെ വലിയ പ്രതിഫലമുണ്ട്. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഇതിന്റെ ഒരു സാക്ഷാൽക്കാരം ഹദ്റത്ത് അബൂബക്കർ

സിദ്ദീഖ്(റ)ഉം ഹദ്റത്ത്സുബൈർ ബിൻ അവ്വാം(റ) ഉം ആകുന്നു.

ഈ നീക്കത്തിൽ സൗഭാഗ്യവാനായ ഒരു സ്വഹാബി യായിരുന്നു ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്. തന്റെ 9 സഹോദരിമാരുടെ അടുക്കൽ തന്നെ നിൽ ക്കണമെന്ന തന്റെ പിതാവിന്റെ നിർദേശം പാലിച്ചു കൊണ്ട് ഉഹുദ് യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞി രുന്നില്ല. അതിന്റെ വിശദീകരണം നബി(സ)യെ കേൾപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ അനുരക്തിയും സ്നേഹമസൃണവുമായ ഈ വാക്കുകൾ കേട്ടപ്പോൾ നബി(സ) അദ്ദേഹത്തിനും കൂടെ പോരാൻ അനുമതി നൽകുകയുണ്ടായി.

ഈ നീക്കത്തിനു പുറപ്പെടുമ്പോൾ നബി(സ)ന്റെ മുഖത്തും പരിക്ക് ഉണ്ടായിരുന്നു. കൂടാതെ പല്ല് പൊട്ടുകയും രണ്ടു ചുണ്ടിന്റെയും ഉൾഭാഗത്തും മുറിവ് പറ്റിയിരുന്നു. വലതു തോളിനും രണ്ട് മുട്ടു കൾക്കും പരിക്ക് പറ്റിയിരുന്നു. ആ സമയത്ത് ത്വൽ ഹക്ക് ശരീരത്തിൽ മൊത്തം 70 ൽ അധികം പരി ക്കുകൾ ഉണ്ടായിരുന്നു. ഹദ്റത്ത് ത്വൽഹ പറയു ന്നു: ഞാൻ എന്റെ പരിക്കുകളെ അപേക്ഷിച്ച് നബി(സ)ന്റെ പരിക്കുകളെ പറ്റിയാണ് കൂടുതൽ ആശങ്കപ്പെട്ടത്. നബി(സ) ഹദ്റത്ത് ഉമറിനോട് പ റഞ്ഞു: ഇനി ഒരിക്കലും ഖുറൈശികൾക്ക് നമ്മളുമായി ഇങ്ങനെ ഇടപെടേണ്ടി വരുന്നതല്ല; അല്ലാഹു നമ്മുടെ കൈകളാൽ മക്കാ വിജയം ഉണ്ടാക്കുന്നതാണ്. ഒരു നി വേദനത്തിൽ പറയുന്നു, നമ്മൾ ഹജ്റുൽ അസ്‌വദിനെ ചുംബിക്കുന്നതാണ്.

രണ്ട് അൻസ്വാരി സഹോദരങ്ങളായ ഹദ്റത്ത് അബ് ദുല്ലാഹ് ബിൻ സഹ്ലും ഹദ്റത്ത് റാഫിഅ് ബിൻ സഹ്ലും പരിക്കേറ്റ അവസ്ഥയിലും കാൽനടയായി വന്നുകൊണ്ട് ഈ യുദ്ധത്തിൽ അനുസരണത്തിന്റെ മാതൃക പ്രകടിപ്പിച്ചതും കാണാൻ കഴിയുന്നുണ്ട്. അവർ ഉഹുദ് യുദ്ധത്തിൽനിന്ന് വളരെയേറെ പരിക്കുകളു മായാണ് എത്തിയത്. ഇവർ രണ്ട് സഹോദരന്മാരും നബി(സ) ഹംറായെ അസദ് യുദ്ധത്തിൽ പങ്കെടുക്കാൻ കൽപ്പന നൽകിയെന്ന് കേട്ടപ്പോൾ അല്ലാഹുവാണെ, നമുക്ക് നബി(സ)ന്റെ കൂടെ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് വലിയ നഷ്ടമായിരിക്കും എന്നു പറഞ്ഞു. തുടർന്ന് പറഞ്ഞു, അല്ലാഹുവാണെ, നമ്മുടെ പക്കൽ യാത്രാസൗകര്യമെന്നുമില്ല, നമുക്ക് എങ്ങനെയാണ് കാര്യങ്ങൾ ചെയ്യേണ്ടത് എന്നുമറി യില്ല. ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: എന്റെ കൂടെ പോരൂ, നമുക്ക് കാൽനടയായി പോകാം. ഹദ്റത്ത് റാഫിഅ് പറഞ്ഞു; അല്ലാഹുവാണെ, പരിക്കുകൾ കാരണം എനിക്ക് നടക്കാൻ പോലും കഴിയില്ല. അദ്ദേഹത്തിന്റെ സഹോദരൻ പറഞ്ഞു: നമുക്ക് മെല്ലെമെല്ലെ നടന്ന് നബി(സ)ന്റെ അടുത്തേക്ക് നീങ്ങാം. അങ്ങനെ അവർ തട്ടിയും വീണും നട ക്കാൻ തുടങ്ങി. അവരിൽ കൂടുതൽ മെച്ചമുള്ള ആൾ അധികം പരിക്ക് പറ്റിയ ആളെ മുതുകിൽ ചുമന്നിരുന്നു. ഏതായാലും അവർ നബി(സ) ന്റെ അടുക്കലേക്ക് നടന്നുകൊണ്ടിരുന്നു.ക്ഷീണം കാരണം ചിലപ്പോൾ അനങ്ങാൻ തന്നെ പ്രയാസം അനുഭവപ്പെട്ട ഘട്ടവും ഉണ്ട്. അങ്ങനെ ഇശാഅ് സമയത്ത് അവർ രണ്ടുപേരും റസൂലുല്ലാഹ്(സ)ന്റെ സവിധത്തിൽ എത്തി. സ്വഹാബാക്കൾ അപ്പോൾ തീ കത്തിക്കുകയായിരുന്നു. ആ സമയത്ത് അവർ തമ്പടിച്ചു കഴിഞ്ഞിരുന്നു. അവർ രണ്ടുപേരേയും നബി(സ)ന്റെ സവിധത്തിൽ എത്തിച്ചു. നബി(സ) അവരോട് ചോദിച്ചു: എന്ത് കാര്യമാണ് നിങ്ങൾക്ക് തടസ്സമായിട്ടുണ്ടായിരുന്നത്? എന്തായിരുന്നു കാ രണമെന്ന് അവർ വിശദീകരിക്കുകയുണ്ടായി. അപ്പോൾ നബി(സ) അവർക്ക് രണ്ടുപേർക്കും നന്മക്ക് വേണ്ടി ദുഃആ ചെയ്തു കൊണ്ട് പറഞ്ഞു; നിങ്ങൾക്ക് രണ്ടുപേർക്കും ദീർഘായുസ്സ് കിട്ടിയാൽ നിങ്ങൾക്ക് സവാരി ചെയ്യാൻ ഒട്ടകവും കുതിരയും കോവർകഴുതയും കിട്ടുന്നത് നിങ്ങൾ കാണുന്ന താണ്. പക്ഷെ അത് നിങ്ങൾ ഇന്ന് തട്ടിയും വീണും ചെയ്ത യാത്രയേക്കാൾ മേന്മയുള്ളതായിരിക്കില്ല. അതായത് നിങ്ങളുടെ ഈ യാത്രയുടെ പുണ്യം അന്നത്തെ ഏറ്റവും നല്ല അനുഗ്രഹത്തേക്കാളും മെച്ചമുള്ളതാണ്. ഈ സംഭവം ഫസാലയുടെ മക്കളായ അനസ് മോനിസ് എന്നിവരുമായി ബ ന്ധപ്പെട്ടതാണെന്നും പറയപ്പെടുന്നു. ഒരുപക്ഷെ ഇത് രണ്ട് കൂട്ടരുമായും ബന്ധപ്പെട്ടതായിരിക്കാം.

ഹംറാഉൽ അസദ് യുദ്ധത്തിൽ ഞങ്ങളുടെ പൊ തുവായ ഭക്ഷണം ഈന്തപ്പഴമായിരുന്നു. ഹദ്റത്ത് സഅദ് ബിൻ ഉബാദ 30 ഒട്ടകവും ഈന്തപ്പഴങ്ങളും കൊണ്ടു വന്നു. അത് ഞങ്ങൾക്ക് ഹംറാഉൽ അസദ് വരേക്കും ധാരാളമായിരുന്നു. ചില ദിവസങ്ങളിൽ ഒട്ടക ഇറച്ചിയും കഴിച്ചിരുന്നു. ശത്രുഹൃദയങ്ങ ളിൽ ഭയമുളവാക്കാൻ രാത്രി സമയത്ത് നിരവധി തീ ജ്വാലകൾ കത്തിക്കുമായിരുന്നു. അതുമുഖേന സൈനിക ബലം കൂടുതലാണെന്ന് കരുതി ശത്രു ഭയപ്പെട്ടിരുന്നു.

ഇതിൽ മഅ്ബദ് ബിൻ അബൂ മഅ്ബദ്നെ പ റ്റിയും പരാമർശം കാണുന്നുണ്ട്. ഇയാൾ ആദ്യം നബി(സ)ന്റെ അടുത്തു വന്നു. പിന്നെ ഇസ്‌ലാമി ക സൈന്യത്തെ സംബന്ധിച്ച് ഖുറൈശികളെ ഭയപ്പെടുത്തുകയും ചെയ്തു. അപ്പോൾ ഇയാൾ മുശ്രിക് തന്നെയായിരുന്നു. മഅ്ബദ് അബൂസു ഫിയാനെ കണ്ടുമുട്ടി. അയാൾ അതിശയോക്തി

കലർത്തി ഇസ്‌ലാമിക സൈന്യത്തെ പറ്റി പറഞ്ഞപ്പോൾ അവർ ഭയപ്പെടുകയും അത് അബൂസുഫിയാന്റെയും കൂട്ടാളികളുടെയും ആവേശം ചോർത്തിക്കളയുകയും ചെയ്തു. അബൂസുഫിയാന് എത്രയും പെട്ടെന്ന് തന്റെ സൈന്യവുമായി തിരിച്ച് മക്കയിലേക്ക് പോകുന്നതാണ് നല്ലതെന്ന് മനസ്സിലായി. അബൂസുഫിയാന്റെ മടങ്ങിപ്പൊകുന്നതിന്റെ വിവരം നബി തിരുമേനി(സ)നു ലഭിച്ച് മൂന്നു ദിവസം അവിടെ തങ്ങിയതിനു ശേഷം ഇസ്‌ലാമിക സൈന്യം തിരിച്ചു വരികയുണ്ടായി. ഒരു നിവേദനമനുസരിച്ച് 5 ദിവസം മദീനക്ക് പുറത്ത് താമസിക്കുകയുണ്ടായി.

ഹദ്റത്ത് അബൂ ഉബൈദ പറയുന്നു: നബി(സ) മദീനയിലേക്ക് തിരിച്ചു വരുന്നതിനുമുമ്പ് മുആവിയ ബിൻ മുഗീറയെ ബന്ധനസ്ഥനാക്കിയിരുന്നു. മുആവിയ രഹസ്യമായി വന്ന് മദീനയിൽ താമസിച്ച് മദീനയിലെ വിവരങ്ങൾ ശത്രുക്കൾക്ക് കൊടുത്തുകൊണ്ടിരുന്നു. പിടിക്കപ്പെട്ടപ്പോൾ ഉസ്മാന്റെ അഭയത്തിൽ പോയി. ഹദ്റത്ത്ഉസ്മാൻ, നബി(സ) നോട് അയാൾക്ക് വേണ്ടി അഭയം തേടുകയുണ്ടായി. നബി(സ) അയാൾക്ക് അഭയം കൊടുത്തുകൊണ്ട് പറഞ്ഞു: ഇയാൾ മൂന്ന് ദിവസത്തിനകം ഇവിടെ നിന്ന് പോകേണ്ടതാണ്. മൂന്ന് ദിവസത്തിനു ശേഷം കണ്ടാൽ വധിക്കപ്പെടുന്നതാണ്. എന്നാൽ ഇയാൾ മൂന്ന് ദിവസത്തിനു ശേഷവും അവിടെ തന്നെ തങ്ങുകയുണ്ടായി. ഒളിച്ചു കഴിയുകയുമായിരുന്നു. അപ്പോൾ നബി(സ) ഹദ്റത്ത് സൈദ് ബിൻ ഹാരിസയോടും ഹദ്റത്ത് അമ്മാർ ബിൻ യാസിറിനോടും പറഞ്ഞു: അയാൾ ഇന്ന സ്ഥലത്ത് ഒളിച്ചിരിക്കുന്നുണ്ടാകും. അങ്ങനെ അവർ അയാളെ അവിടെ കാണുകയും അയാളെ വധിക്കുകയും ചെയ്തു.

ഹംറാഉൽ അസദിൽ നബി(സ) മുശ്‌രികീംകളുടെ കവിയായ അബൂ ഉസ്സയെയും ബന്ധനസ്ഥനാക്കുകയുണ്ടായി. ഈ അബൂ ഉസ്സയെ തന്നെയാണ് ബദ്ർ യുദ്ധാവസരത്തിൽ മുസ്‌ലിംകൾ ബന്ദിയാക്കിയത്. അയാൾ നബി(സ)നോട് തന്റെ അന്തസ്സിനെയും പെൺമക്കളുടെ കാര്യവും പറഞ്ഞുകൊണ്ട് തന്നോട് കരുണ കാണിക്കണമെന്നും യാചിക്കുകയുണ്ടായി. അങ്ങനെ നബി(സ) ഫിദിയ വാങ്ങാതെ ഔദാര്യമെന്ന നിലയിൽ വിട്ടയക്കുകയുണ്ടായി. അതോടൊപ്പം മേലിൽ നബി(സ)നെതിരിൽ യുദ്ധത്തിനു വരികയില്ലെന്നും സൈനികനീക്കം നടത്തുകയില്ലെന്നും നബി(സ)നെതിരിൽ ആരേയും ഇളക്കി വിടുകയില്ലെന്നും ശപഥം വാങ്ങിയിരുന്നു. പക്ഷെ അയാൾ തന്റെ ശപഥം ലംഘിച്ചുകൊണ്ട് ഉഹുദ് യുദ്ധത്തിൽ ഖുറൈശികളോടൊപ്പം വരികയുണ്ടായി. അയാൾ ജനങ്ങൾക്ക് ആവേശം പകരുകയും നബി(സ)നെതിരിൽ യുദ്ധം ചെയ്യാൻ തന്റെ കവിതകൾ മുഖേന ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. നബി(സ) ഇത്തവണ ഇയാൾ രക്ഷപ്പെടാൻ ഇടവരരുതെന്ന് ദുഃആ ചെയ്തിരുന്നു. അങ്ങനെ അയാൾ വീണ്ടും ബന്ദിയാക്കപ്പെട്ടു. അയാൾ വീണ്ടും തന്നോട് കരുണ കാണിക്കണമെന്നു പറഞ്ഞു. നബി(സ) ഇയാളെ കൊല്ലുക എന്ന് കൽപ്പിക്കുകയുണ്ടായി. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ലോകത്തിന്റെ അവസ്ഥകളെ ഓർത്ത് ദുഃആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ ദ്രോഹങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് കഴിഞ്ഞ ദിവസം ആസ്ട്രേലിയയിൽ ഷോപ്പിംഗ് സെന്ററിൽ ഒരു ആസ്ട്രേലിയക്കാരൻ കത്തികൊണ്ട് ആക്രമിച്ച് ശഹീദാക്കിയ ഫറാസ് അഹ്മദ് ത്വാഹിർ സാഹിബിനെ അനുസ്മരിക്കുകയും ജനാസ നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 26-04-2024
Malayalam Translation: **Moulavi H.Shamsuddin** Layout: **Moulavi T. Jamshad Mukkam**
For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516